# ഒരു നിരീശ്വരവാദിയുടെ രൂപാന്തരം
## സത്യാന്വേഷണ പരീക്ഷണങ്ങൾ

സമർപ്പണം

സത്യവെളിച്ചത്തിന്

# ഒരു നിരീശ്വരവാദിയുടെ രൂപാന്തരം

## സത്യാന്വേഷണ പരീക്ഷണങ്ങൾ

**നൈനാൻ മാത്തുള്ള**

**വിവർത്തനം**

**എൽ. സാം**

BIBLE VERSE COMMUNICATIONS

BVP

Published by:

**BV Publishing, Inc.,**

Houston, Texas.

www.bvpublishing.org

**Oru Nereeswaravaadhiyude Roopaantharam**
(Malayalam)

Author
**Ninan Mathullah**
Metamorphosis of an atheist(English)
Translation: L. Sam

Copyright©2015 by Ninan Mathullah
E-mail:bibleversecoms@aol.com
First Edition - 2015

Cover Design: Saji Clarion

ISBN - 978-0984304516

ALL RIGHTS RESERVED. NO PART OF THIS BOOK MAY BE REPRODUCED TRANSMITTED IN ANY FORM, FOR COMMERCIAL PURPOSES, EXCEPT FOR BRIEF QUOTATIONS IN PRINTED REVIEWS, WITHOUT PERMISSION IN WRITING FROM THE PUBLISHERS.

Published by: BV Publishing, Inc.
Stafford, Texas. 77477.
To order book, visit www.bvpublishing.org
www.amazon.com,
OM Book Stores in India
www.christianstore.in

Printed and bound in India by GS Media, Secunderabad 500 067
E-mail: printing@ombooks.org

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | *ആമുഖം* | *7* |
| | *കൃതജ്ഞത* | *9* |
| | *അവതാരിക* | *11* |
| | *അഭിനന്ദനങ്ങൾ* | *15* |
| 1. | ബുദ്ധിയും അറിവും സാമർത്ഥ്യവും സമ്മേളിക്കുന്നു | 19 |
| 2. | സർവം വിളങ്ങും പ്രഭാപൂരം | 25 |
| 3. | മന്നാ പൊഴിഞ്ഞുകൊണ്ടിരിക്കുന്നു | 29 |
| 4. | അത്യുന്നതനുമായി സ്നേഹബന്ധത്തിൽ | 37 |
| 5. | അവിടത്തെ നാമം പൂജിതമാകണമേ | 51 |
| 6. | ആരും കൊതിക്കുന്ന ഓർമകൾ | 59 |
| 7. | പ്രവൃത്തിയും പ്രതിഫലവും | 63 |
| 8. | സയൻസോ മാജിക്കോ | 69 |
| 9. | അഗോചരമായ കൈപ്പത്തി | 75 |
| 10. | ഒരു തിരിച്ചടി | 81 |
| 11. | മൂടുപടത്തിനുള്ളിൽ | 87 |
| 12. | കോടീശ്വരനിലും കവിഞ്ഞവൻ | 95 |
| 13. | ഒരു പ്രവാചകൻ ജന്മമെടുക്കുന്നു | 103 |
| 14. | പ്രവാചകനും പുരോഹിതനും മന്ത്രിയും | 107 |
| 15. | മൈൽക്കുറ്റികൾ | 117 |
| 16. | ജ്ഞാനത്തിന്റെ ഉറവിടം | 137 |
| 17. | അസതോ മാ സത്ഗമയാ | 155 |
| 18. | മറ നീങ്ങുന്നു | 167 |
| 19. | കർമയോഗി | 175 |
| 20. | ചിരംജീവി | 183 |
| | *പദവിജ്ഞാനം* | *189* |
| | *ഗ്രന്ഥസൂചിക* | *197* |

# ആമുഖം

വാക്കുകൾ അഗ്നിയസ്ത്രങ്ങളാകാം. പ്രാവാചകരും എഴുത്തുകാരും ദേശങ്ങളെയും ഭൂഖണ്ഡങ്ങളെയും കീഴടക്കുന്നതിൽ വാളുകളക്കാൾ ശക്തമായിരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. വിവിധ മതപ്രവാചകന്മാർ തങ്ങൾ പ്രതിനിധാനം ചെയ്ത മതങ്ങൾക്കുവേണ്ടി ദേശങ്ങൾ കീഴടക്കിയിട്ടുണ്ട്. പൂർണസത്യമല്ലെങ്കിൽ കൂടിയും സത്യത്തിന്റെ നേർത്ത നാരിഴകൾ സത്യാന്വേഷികൾക്ക് ഈ മതങ്ങളിൽ കണ്ടെത്താൻകഴിയും. എന്നാൽ കാലസമ്പൂർണതയിലാണ് പൂർണസത്യം വെളിപ്പെട്ടത്. അതിലേക്ക് പിന്നീടു വരുന്നതായിരിക്കും.

വിവിധ മതപ്രവാചകന്മാരുടെ ഉപദേശങ്ങളും അവർ വെളിപ്പെടുത്തിയതായ ദിവ്യജ്ഞാനവും ദൈവിക വിഷയങ്ങളെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. വിവിധ കാലയളവുകളിൽ വ്യത്യസ്ത സംസ്കാരങ്ങളെ സംബോധനചെയ്തുകൊണ്ട് അവരിൽക്കൂടി ലഭിച്ചതായ തിരുവെഴുത്തുകളിലെ ദൈവിക സന്ദേശവും അതിന്റെ പിന്നിൽ പ്രവർത്തിച്ച അദൃശ്യകരങ്ങളും സത്യാന്വേഷികൾക്ക് ദർശിക്കുവാൻ പ്രയാസമില്ല.

'ഒരു നിരീശ്വരവാദിയുടെ രൂപാന്തരം' എന്ന ഈ ഗ്രന്ഥത്തിന്റെ ഇതിവൃത്തം ഈ ദിവ്യജ്ഞാനമാണ്. കാര്യങ്ങളെ മുൻകൂട്ടിക്കാണാനുള്ള കഴിവിനെയാണല്ലോ നാം ബുദ്ധി അഥവാ ജ്ഞാനം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഈ ജീവിതം ക്ഷണഭംഗുരമാണെന്നും ഈ ജീവിതത്തിനപ്പുറം ഒരു ജീവിതമുണ്ടെന്നും മുൻകൂട്ടി കാണുന്നവരെ ബുദ്ധിമാന്മാരായി ഗണിക്കാമല്ലോ. ഈ ജീവിത്തിനപ്പുറമുള്ള ജീവിതത്തെപ്പറ്റിയുള്ള തിരിച്ചറിവിലേക്കുള്ള ചവിട്ടുപടികൾ

അഥവാ ആ അന്വേഷണയാത്രയിലെ മൈൽക്കുറ്റികൾ എന്ന നില യിലാണ് ലോകത്തിലുള്ള എല്ലാ മതങ്ങളെയും കാണേണ്ടത്.

അനുദിനജീവിതത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കും ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തുന്നതിനും ജീവിതത്തെക്കുറി ച്ചുള്ള യഥാർഥസത്യം ഗ്രഹിക്കുന്നതിനും ഗുരുക്കന്മാരും താത്വിക ന്മാരും ശ്രമിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായ പരിഹാരം പലർക്കും ലഭിച്ചിട്ടില്ല.

ജീവിതാനുഭവങ്ങൾ ഒരു വ്യക്തിയെ സത്യത്തിലേക്കു നയി ക്കുന്ന പരിശീലനക്കളരിയാകാം. നാസ്തികത്തിന് അനുകൂലമായും പ്രതികൂലമായുമുള്ള വാദമുഖങ്ങളെ പുതിയ അറിവിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ വിലയിരുത്തുന്ന ഈ പുസ്തക ത്തിലെ വീക്ഷണങ്ങൾ അനുവാചകരെ സത്യത്തിലേക്ക് ഒരുപടി കൂടി അടുപ്പിക്കുന്നതിനു പ്രേരകമാക്കുമെങ്കിൽ ഈ ഗ്രന്ഥകർത്താവ് തന്റെ അധ്വാനത്തിൽ കൃതാർഥനായി.

**നൈനാൻ മാത്തുള്ള**

ഹൂസ്റ്റൺ

# കൃതജ്ഞത

എന്റെ നിരവധി സ്നേഹിതരും ബന്ധുക്കളും ഈ പുസ്തക പ്രസിദ്ധീകരണത്തിൽ എന്നെ സഹായിച്ചിട്ടുണ്ട്. എന്റെ ഭാര്യ മേഴ്സി എനിക്ക് ഒരു പ്രചോദനമായിരുന്നു. എന്റെ മകൻ ജെറോ മാത്തുള്ള, സ്നേഹിതൻ ഹെതർ അറഡോൺഡോ, സാബു നൈനാൻ, റവ. ബിജു തോമസ് എന്നിവർ ഇതിന്റെ (ഇംഗ്ലീഷ്) പ്രൂഫ് വായിക്കുന്നതിൽ സഹായിച്ചിട്ടുണ്ട്. മനോഹരമായ മലയാളം വിവർത്തനം ചെയ്ത എൽ. സാം അവർകളോടും മലയാളം പ്രൂഫ് വായിച്ച ജോയിസ് തോന്നിയാമലയ്ക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി. ശൈലിയിലും അവതരണത്തിലും കീത്ത് കാരൾ വിലയേറിയ നിർദ്ദേശങ്ങൾ നല്കി. ജോൺ വർഗീസ് ഗ്രാഫിക്ക് ചിത്രീകരണത്തിലും സജി ക്ലാരിയൺ കവർഡിസൈനിംഗിലും സഹായിച്ചു. ഈ സ്നേഹിതർക്കും കോപ്പി എഡിറ്റിംഗ് നിർവഹിച്ച മാർസലിൻ ജെ. മൊറയിസ് അച്ചനും പ്രത്യേകം നന്ദിയർപ്പിക്കട്ടെ. അച്ചടി ജോലികളിൽ സഹായം നല്കിയ ജിഎസ് മീഡിയായിലെ കെ. സി. ജോസഫ്, ദീനാ ബെഞ്ചമിൻ, ഡാനിയേൽ മനേക്ഷാ എന്നിവർക്കും നന്ദി! ഉൽക്കൃഷ്ടമായൊരു അവതാരിക എഴുതി ഈ കൃതിയെ അലങ്കരിച്ച നിയമജ്ഞനും വേദശാസ്ത്രത്തിൽ ഗവേഷണബിരുദമുള്ളയാളും പത്രാധിപരുമായ ഡോ. മാത്യു വൈരമണ്ണിനും മനോഹരമായ അഭിപ്രായം എഴുതിയ ജെ. സി. ദേവ് സാറിനും എന്റെ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു. എന്റെ എല്ലാ സ്നേഹിതർക്കും കുടുംബാംഗങ്ങൾക്കും അവരുടെ പ്രോത്സാഹനത്തിനും സഹായത്തിനും ഹൃദയത്തിന്റെ ഭാഷയിൽ ഒരായിരം നന്ദി!

# അവതാരിക

'ഒരു നിരീശ്വരവാദിയുടെ രൂപാന്തരം: സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്ന നൈനാൻ മാത്തുള്ളയുടെ ഈ പുസ്തകം യുക്തിപരമായും ശാസ്ത്രവിജ്ഞാനപശ്ചാത്തലത്തിലും എഴുതപ്പെട്ടതാണ്. നിരവധി വ്യക്തിഗത അനുഭവങ്ങളും കഥകളും ഉദാഹരണങ്ങളും ഇതിൽ നിരത്തിയിട്ടുണ്ട്. ഇതുപോലൊരു വിലയേറിയ ഗ്രന്ഥത്തിനു മുഖവുര എഴുതുന്നതിൽ എനിക്കു സന്തോഷമുണ്ട്.

ഗ്രന്ഥകർത്താവ് ആമുഖത്തിൽ സൂചിപ്പിക്കുന്നതുപോലെ ജ്ഞാനത്തെ ആധാരമാക്കി എഴുതപ്പെട്ട ഈ പുസ്തകം അഭ്യസ്തവിദ്യരായ സമൂഹത്തിന്റെ യുക്തിചിന്തയ്ക്കും ശാസ്ത്രജ്ഞാനത്തിനും സംതൃപ്തി നലകുന്നുണ്ട്.

രണ്ട് അടിസ്ഥാനബിരുദങ്ങളും ശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും നേടിയിട്ടുള്ള ഗ്രന്ഥകർത്താവിന് ചരിത്രത്തിലും മതവിഷയങ്ങളിലും അഗാധമായ പാണ്ഡിത്യമുണ്ട്. തനിക്കു ലഭ്യമായ അറിവുകൾ സുവ്യക്തമായി തന്നെ ഈ പുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. 'രൂപാന്തരം' എന്ന പദം ഒരു ജീവശാസ്ത്ര പ്രതിഭാസത്തെക്കുറിക്കുന്നതാണ്. അത് ഒരു ജീവി പൂർണവളർച്ചയെ പ്രാപിക്കുന്ന ശാരീരികപ്രക്രിയ ആണ്. ആത്യന്തിക സത്യത്തിന്റെ അറിവിലേക്കുള്ള തന്റെ ജീവിതപര്യടനത്തെക്കുറിച്ചു വിവരിക്കുന്നതിന് ഗ്രന്ഥകർത്താവ് ഈ അലങ്കാരം ഉപയോഗിച്ചിരിക്കുന്നത് മനോഹരവും ചിന്തായുക്തവുമാണ്.

ശാസ്ത്രത്തിന്റെ അന്തർധാര തേടുന്ന ഒരു മനസ്സ് ഈ രചനയ്ക്കു പിന്നിലുണ്ട്. വിവിധ ലോകമതങ്ങളെക്കുറിച്ചും ഒരു മനുഷ്യനെ സമ്പൂർണ അറിവിലേക്കു നയിക്കുന്നതിൽ ആ മതങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ചും ഈ പുസ്തകം സവിസ്തരം പ്രസ്താവിക്കുന്നു. പല എഴുത്തുകാരും ഇതര മതങ്ങളെ ഹ്രസ്വദൃഷ്ടിയോടെ വീക്ഷിക്കുമ്പോൾ, ഈ പുസ്തകമാകട്ടെ ലോകത്തിലെ എല്ലാ മതങ്ങളെക്കുറിച്ചും ബഹുമാനത്തോടെ പ്രസ്താവിക്കുകയും, തന്റെ പ്രതിബദ്ധതയുടെ പക്ഷപാതിത്വം കൂടാതെ എല്ലാ മതങ്ങളെക്കുറിച്ചും സമാനതയോടെ പരാമർശിക്കുകയും ചെയ്തിരിക്കുന്നു. മതങ്ങളെയെല്ലാം പൂർണമായും വിശകലനം ചെയ്യുന്നില്ലെങ്കിലും പ്രസക്തമായ വസ്തുതകൾ പ്രസ്താവിച്ചിട്ടുണ്ട്.

തന്റെ പുസ്തകത്തിലെ തത്വങ്ങളും വാദഗതികളും അനുവാചകരെ എളുപ്പത്തിൽ ബോധ്യപ്പെടുത്തുന്നതിന് അദ്ദേഹം ജീവിതത്തിലെ നിരവധി സംഭവങ്ങളും ഉദാഹരണങ്ങളും അവിടവിടെ ഉദ്ധരിച്ചിട്ടുണ്ട്. ചില അനുഭവങ്ങളുടെയും കഥകളുടെയും നാടകീയാവതരണം ഒറ്റയിരുപ്പിൽ ഈ പുസ്തകം വായിച്ചുതീർക്കുന്നതിന് അനുവാചകരെ പ്രേരിപ്പിക്കുന്നതാണ്. നിരീശ്വരവാദികളുടെ ഒരു വാദം, അവർ പ്രാർഥിച്ചു, ആരും കേട്ടില്ല. അതുകൊണ്ട് ദൈവമില്ല. എന്തുകൊണ്ട് ദൈവം പ്രാർഥന കേൾക്കുന്നു, കേൾക്കുന്നില്ല എന്നത് ഉദാഹരണസഹിതം സമർഥിച്ചിരിക്കുന്നു.

വിജ്ഞാനോദ്ദീപകമായ ഈ ഉൽക്കൃഷ്ടകൃതി പാരമ്പര്യത്തിലേക്കും ചരിത്രത്തിലേക്കും മതത്തിലേക്കും തർക്കശാസ്ത്രത്തിലേക്കും യുക്തിചിന്തയിലേക്കും സാമ്പത്തിക ശാസ്ത്രത്തിലേക്കും പരിണാമസിദ്ധാന്തത്തിലേക്കും സൃഷ്ടിമർമങ്ങളിലേക്കും അഗാധമായ ഉൾക്കാഴ്ച നല്കുന്നതാണ്. അറിവും ധാരണകളും മാറുമ്പോൾ, ചിന്തകൾക്കുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും ഒരു പ്രഗത്ഭതാത്വികന്റെ ധൈഷണികതയോടെ ഗ്രന്ഥകർത്താവ് വിവരിക്കുന്നുണ്ട്. ആദ്യ വായനയിൽ ക്രിസ്തുവിനെയും കൃഷ്ണനെയും ഹിന്ദുക്കളെയും കുറിച്ചുള്ള വാദഗതികൾ ചിലർക്ക് അസ്വീകാര്യമായി തോന്നാം.

ആത്യന്തിക സത്യത്തിന്റെ പ്രകാശം അനുവാചകരിൽ ഉളവാക്കുന്നതിനുള്ള ശ്രമത്തിൽ എഴുത്തുകാരൻ വിജയിച്ചിട്ടുണ്ട്. ഈ പുസ്തകത്തിൽ അവതരിപ്പിച്ചിട്ടുള്ള വീക്ഷണങ്ങൾ അനുവാചകരെ തൃപ്തരാക്കുമെന്നും അടിസ്ഥാന ചോദ്യങ്ങളുടെ മൂല്യനിർണയ

ത്തിൽ സഹായകരമാകുമെന്നും അന്വേഷണപ്രക്രിയ തുടരുവാൻ പ്രേരിപ്പിക്കുമെന്നും ഞാൻ ആത്മാർഥമായി പ്രത്യാശിക്കുന്നു. മതപരമായ അറിവിന്റെ കാര്യങ്ങളിലെന്നപോലെ ജീവിതത്തിന്റെ ഇതര മേഖലളെയും ഈ പുസ്തകം ശക്തമാക്കുന്നതാണ്. തങ്ങളുടെ സത്യാനേഷണത്തിൽ ഈ അമൂല്യകൃതി അനുവാചകരെ സഹായിക്കുമെങ്കിൽ ഞാൻ കൃതാർഥനായി.

ഹൂസ്റ്റൺ

**ഡോ. മാത്യു വൈരമൺ**
BA. LL.M,
MS, M.Div, ThD
Attorney at Law

# അഭിനന്ദനങ്ങൾ!

"നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമിച്ചത്, എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു. ഭയങ്കരവും അതിശയകരവുമായി നീ എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു" (സങ്കീ. 139:13,14). ദാവീദിന്റെ പ്രസ്താവന പ്രത്യേകം ശ്രദ്ധേയമാണ്. മനുഷ്യൻ ദൈവത്തിന്റെ അതിശ്രേഷ്ഠമായ സൃഷ്ടിയാണ്, ദൈവം സ്രഷ്ടാവും. ദൈവം മനുഷ്യനെ എത്ര "ഭയങ്കരവും അതിശയകരവുമാ"യിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. സൃഷ്ടിയുടെ ഈ നിസ്തുല്യത സ്രഷ്ടാവായ ദൈവത്തെ സ്തോത്രംചെയ്യുവാൻ സൃഷ്ടിയായ മനുഷ്യനെ പ്രേരിപ്പിക്കുന്നു. മുഷ്യന്റെ സൃഷ്ടിപ്പിൽ തന്നെ ദൈവം മനുഷ്യന്റെ നിത്യതയും മുഷ്യന്റെ ഹൃദയത്തിൽ ഉൾച്ചേർത്തിരിക്കുന്നു എന്നത് അതിശയകരം തന്നെ (സഭാപ്ര. 3:11).

ഷേക്സ്പിയറുടെ വാക്കുകൾ ഓർക്കാതെ തരമില്ല: "എത്രയോ മഹത്തായ സൃഷ്ടിയാണ് മനുഷ്യൻ! ഉന്നതമായ ബുദ്ധി, അപാരമായ കഴിവുകൾ, ആകാരത്തിലും ചലനത്തിലും നിസ്തുല്യൻ, പ്രശംസനീയൻ, പ്രവൃത്തികളിൽ ദൈവദൂതസമാനൻ, ധാരണാ ശക്തിയിൽ ദേവതുല്യൻ, ലോകത്തിന്റെ സൗന്ദര്യധാമം, ജന്തുലോകത്തിന്റെ ഉത്തമമാതൃക." മാക്സിം ഗോർക്കി എഴുതി: "മനുഷ്യൻ എത്ര മനോഹരമായ പദം!"

"നിത്യത" എന്ന വാക്ക് മനുഷ്യന്റെ ശബ്ദകോശത്തിൽ കുറിച്ചിടുവാൻ നിത്യനായ ദൈവത്തിനു മാത്രമേ കഴിയൂ. അതുകൊണ്ടാണ് ദൈവം ദൈവമായിരിക്കുന്നത്. ശാസ്ത്രം ഉൾപ്പെടെ സകലവും കാലം, സമയം, സാഹചര്യം എന്ന അതിർത്തിക്ക് ഉള്ളിൽ ഒതുങ്ങുമ്പോൾ സർവജ്ഞാനിയും സർവവ്യാപിയുമായ ദൈവ

ത്തിന് കാലത്തിന് അപ്പുറത്തേയ്ക്ക് എത്തിനോക്കുവാനും അവിടെയും ആയിരിക്കുവാനും കഴിയുന്നു എന്നതാണു സത്യം. പരിമിതിയും പരിധിയും സൃഷ്ടിയുടേതാണ്. സ്രഷ്ടാവായ ദൈവം അപരിമേയനും. മനുഷ്യനെ സംബന്ധിക്കുന്ന ഏതു കാര്യവും അവന്റെ "നിത്യത"യുമായി ബന്ധപ്പെട്ടാണു വരുന്നത്.

ദൈവാഭിമുഖ്യം, ദൈവാവബോധം എന്നീ പദങ്ങൾ ഹൃദയ ത്തിൽ കുറിച്ചുവെച്ചിട്ടുണ്ട്. അതുകൊണ്ടാണ് അവൻ ദൈവത്തെ അന്വേഷിക്കുന്നത്. ദൈവത്തെപ്പറ്റി ചിന്തിക്കുന്നത്. മനുഷ്യന്റെ മന സ്സിൽ ആദ്യം പതിഞ്ഞത് ദൈവമാണ്, ആസ്തിക്യബോധമാണ്. ദൈവം ഉണ്ട് എന്നതാണ് അതിന്റെ കാരണം. ദൈവം ഇല്ലായിരുന്നു വെങ്കിൽ ആ ഒരു ചിന്തപോലും മനുഷ്യമനസ്സിൽ കയറിക്കൂടുക ഇല്ലായിരുന്നു. മനുഷ്യന് തികച്ചും വ്യക്തിപരമായ ബോധ്യമായി ദൈവം മാറിയിരിക്കുന്നു. ശ്രീ നൈനാൻ മാത്തുള്ളയുടെ ഈ ഗ്രന്ഥ ത്തിന്റെ പേര് 'ഒരു നിരീശ്വരവാദിയുടെ രൂപാന്തരം—സത്യാന്വേ ഷണ പരീക്ഷണങ്ങൾ' എന്നാണ്. നിരീശ്വരവാദം എന്ന പദവും ചിന്തയും രണ്ടാമതാണ് മനുഷ്യമനസ്സിൽ കയറിക്കൂടിയത്. ആദ്യ പാഠമായ ആസ്തിക്യബോധത്തെ അടിച്ചമർത്തിയിട്ടേ നിരീശ്വര വാദത്തിനു നിലനില്ക്കാനാവൂ. അതിനാലാണ് നിരീശ്വരവാദി നാസ്തികവാദ പ്രഭാഷണത്തിനിടയിൽപോലും അറിയാതെ "ദൈവമേ" എന്നു വിളിച്ചുപോകുന്നത്. നാസ്തികവാദത്തിനു കൂട്ടുപിടിക്കുന്നത് പലപ്പോഴും "സയൻസി"നെയാണ്. ദൈവം ഇല്ല എന്ന് ഏതു ശാസ്ത്രമാണ് തെളിയിച്ചിട്ടുള്ളത്? ദൈവാസ്തിക്യ ത്തെ നിഷേധി ക്കുവാൻ പ്രേരിപ്പിക്കുന്ന ഏതു കണ്ടുപിടിത്തമാണ് ശാസ്ത്രവേദിയിൽ നടന്നിട്ടുള്ളത്? നിരീശ്വരവാദം ശാസ്ത്രീയ മായി തെളിയിക്കാനാവില്ല എന്നതു തന്നെ സത്യം.

ഡോ. ആൽബർട്ട് ഐൻസ്റ്റൈൻ എഴുതി: "ദൈവത്തെ കൂടാ തെയുള്ള ശാസ്ത്രം മുടന്തുള്ളതാണ്." പരിണാമവാദത്തിന്റെ ഉപ ജ്ഞാതാവായ ചാൾസ് ഡാർവിൻ നിരീശ്വരവാദിയായിരുന്നില്ല. സ്റ്റീഫൻ ഹോക്കിങ്ങുപോലും പറയുന്നത്, പ്രപഞ്ചോല്പത്തി സംബ ന്ധിക്കുന്ന കാല്പനിക സിദ്ധാന്തങ്ങൾ ശാസ്ത്രജ്ഞൻമാർ അവത രിപ്പിച്ചുകൊണ്ടിരിക്കുമ്പോഴും "പ്രപഞ്ചോല്പത്തി ശാസ്ത്രത്തിനു തെളിയിക്കുവാൻ കഴിഞ്ഞിട്ടില്ല" എന്നാണ്. പരിണാമവാദവും ബിഗ് ബാങ് തിയറിയും എല്ലാം സയൻസിന്റെ അപ്രൂവൽ സർട്ടിഫിക്കേറ്റു കിട്ടാതെ "റേയ്ഞ്ചിനു പുറത്ത്" കഴിയുകയാണ്. ഏതെങ്കിലും ഒരു

യുക്തിവാദി സംഘത്തിൽ അംഗത്വം ലഭിച്ചതുകൊണ്ട് അയാൾക്ക് യുക്തിബോധവും യുക്തിവിചാരവും ലഭിക്കണമെന്നില്ല. യുക്തി ബോധവും യുക്തിവിചാരവും സ്രഷ്ടാവായ ദൈവത്തിൽനിന്നു സൃഷ്ടിയായ മനുഷ്യന്റെ മനസ്സിൽ രൂപംകൊണ്ട ദൈവാഭിമുഖ്യ ത്തിന്റെ ഭാഗമാണ്. ഈ ബോധം നിഷേധത്തിലേക്കോ ശൂന്യതയി ലേക്കോ അല്ല അസ്തിത്വത്തിലേക്കാണ് ചിന്തിക്കുന്ന മനുഷ്യനെ കൊണ്ടെത്തിക്കുക. "ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് ഞാനുണ്ട്" എന്നാണ് ദെകാർത് എഴുതിയത്. യുക്തിവാദമല്ല യുക്തിബോധ മാണ് മനുഷ്യനു ഗുണംചെയ്യുക. ശാസ്ത്രീയവും ശാസ്ത്രംകൊണ്ടു തെളിയിക്കാനാവുന്നതു മാത്രമേ യുക്തിവാദി വിശ്വസിക്കൂ എന്നൊരു മുദ്രാവാക്യമുണ്ട്. യുക്തിവാദിയുടെ സ്വപ്നമാണല്ലോ നിരീശ്വരവാദം. ശാസ്ത്രത്തിനു തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്ത നിരീശ്വരവാദം യുക്തിവാദി ഏറ്റുപറയുന്നത് ഏതടിസ്ഥാനത്തി ലാണ്? ശാസ്ത്രം അന്വേഷണം തുടരുമ്പോൾ യുക്തിവാദി കണ്ടെ ത്തിക്കഴിഞ്ഞു എന്ന് വീരവാദം മുഴക്കുന്നത് അജ്ഞതകൊണ്ടോ അഹന്തകൊണ്ടോ അല്ലേ?

സത്യത്തിലേക്കുള്ള പ്രയാണത്തിൽ സത്യാന്വേഷകൻ സാധാ രണഗതിയിൽ കണ്ടെത്തുന്ന വ്യത്യസ്തങ്ങളായ ചിന്താധാരക ളുണ്ട്, വ്യവസ്ഥിതികളുണ്ട്, സംവിധാനങ്ങളുണ്ട്. അവയെല്ലാം ഓരോ അളവിൽ സത്യാന്വേഷകനെ സത്യത്തിലേക്കു നയിക്കു ന്നുണ്ട്. ഈ വസ്തുത ഈ ഗ്രന്ഥത്തിൽ ശ്രീ മാത്തുള്ള തൻമയത്വ ത്തോടെ, യുക്തിബോധത്തോടെ വിശദമാക്കുന്നു. മനുഷ്യനിലേക്കു സ്രഷ്ടാവിൽനിന്നു പകർന്നുകിട്ടിയ ദൈവാവബോധവും ദൈവാ ഭിമുഖ്യവും പുരോഗമിച്ച് അസ്തിത്വബോധത്തിലേക്ക്, സ്രഷ്ടാവി ലേക്ക് ചെന്നെത്തുവാൻ ഇടയാകും എന്നതിനു സംശയമില്ല. ഏതൊരു സത്യാന്വേഷിയെയും സഹായിക്കുന്ന ഒരു മികച്ച കൈപ്പു സ്തകമായി ഈ ഗ്രന്ഥം ഉപകരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. ശ്രീ മാത്തുള്ളയ്ക്കും അദ്ദേഹത്തിന്റെ ക്രൈസ്തവ സാഹിത്യ പ്രയത്നത്തിനും ഹൃദയത്തിന്റെ ഭാഷയിൽ അഭിനന്ദനങ്ങൾ നേരുന്നു.

കർതൃശുശ്രൂഷകളിൽ,
സഹോദരൻ,
**ജെ. സി. ദേവ്**

നെടുങ്ങാടപ്പള്ളി പി.ഒ.
686545, കോട്ടയം.
30-05-2015
9961700465

### അധ്യായം 1

# ബുദ്ധിയും അറിവും സാമർഥ്യവും സമ്മേളിക്കുന്നു



നിങ്ങളുടെ സ്നേഹിതന്മാരിലോ ബന്ധുക്കളിലോ ഒരാൾ നിങ്ങളെക്കാൾ ബുദ്ധിയും അറിവും സാമർഥ്യവും ഉള്ള ആളാണെന്നു എപ്പോഴെങ്കിലും കരുതിയിട്ടുണ്ടോ? സാധാരണ നിലയിൽ ഈ പദങ്ങളെല്ലാം പരസ്പരാർഥത്തിലാണ് ഉപയോഗിക്കുന്നത്. ബന്ധങ്ങൾ തിരിച്ചറിയുന്നതിനുള്ള കഴിവിനെയാണ് ബുദ്ധി എന്ന പദംകൊണ്ട് നിഘണ്ടു വിവക്ഷിക്കുന്നത്. ഇതു മനസ്സിലാക്കാൻ പ്രയാസമുള്ള ആശയമാണ്. അതിന്റെ യഥാർഥമായ അർഥം മനസ്സിലാക്കാൻ ഈ കൃതി സഹായകരമാകട്ടെ.

ബുദ്ധിയെപ്പറ്റി ചിന്തിക്കുമ്പോൾ, ബുദ്ധിശക്തി അളക്കാൻ ശാസ്ത്രജ്ഞന്മാർ വികസിപ്പിച്ചെടുത്തിട്ടുള്ള IQ പരിശോധനകളാണ് ഓർമയിൽ ഓടിയെത്തുക. സൂക്ഷ്മബുദ്ധി അളക്കുന്നതിനു രണ്ടു ഘടകങ്ങൾ മാത്രം പരിഗണിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇതു ഗണിതശാസ്ത്ര സാമർഥ്യവും വാക്ചാതുരിയുമാ

യിരുന്നു. ഇപ്പോൾ ശാസ്ത്രജ്ഞർ പതിനെട്ടു ഘടകങ്ങൾ കണ്ടെ ത്തിയിട്ടുണ്ട്: അതിന്റെ പട്ടിക ഇപ്പോൾ വർധിച്ചുകൊണ്ടിരിക്കുന്നു.

പിയാനോ വായിക്കുന്നതിനു സൂക്ഷ്മബുദ്ധി ആവശ്യമില്ലെന്ന് ഒരു കാലത്തു പലരും വിചാരിച്ചിരുന്നു. അതിൽ ഉൾപ്പെടുന്ന എല്ലാ ഘടകങ്ങളും പരിശോധിക്കുന്നതിനു പര്യാപ്തമായ പരീക്ഷണങ്ങൾ നിലവിലില്ല. പരിശോധനയിൽ ഏറ്റവും താഴ്ന്ന മാർക്കുമാത്രമേ നിങ്ങൾക്കു ലഭിച്ചുള്ളൂ എങ്കിലും നിങ്ങൾ അങ്ങനെ ആകണമെ ന്നില്ല. നിങ്ങളുടെ മികവിന്റെ നിലവാരം പരിശോധിക്കുന്നതിനുള്ള പരീക്ഷണമായിരുന്നില്ല അതെന്നു സമാധാനിച്ചാൽ മതി.

നമ്മിലുള്ള ബുദ്ധിമേഖലകൾ മറ്റാരും അംഗീകരിച്ചില്ലെങ്കിൽ പോലും നമ്മൾ അതംഗീകരിക്കാൻ ശീലിക്കണം. ഏറ്റവും ബുദ്ധി മാന്മാരായ ആളുകളെ പൊതുജനം ചിലപ്പോൾ ഉന്മാദചിത്തരായി മുദ്രകുത്താറുണ്ട്. കാരണം ഈ ബുദ്ധിമാന്മാർ മുൻകൂട്ടികാണുന്ന ത് സാധാരണക്കാർക്ക് കാണാൻ കഴിയുന്നില്ല എന്നതുതന്നെ. അവർ ദാർശനികരും ക്രാന്തദർശികളുമാണ്. അവർ തങ്ങളുടെ കാല ത്തിനപ്പുറം ജീവിക്കുന്നവരാണ്. ഗലീലിയോ ഇതിന് മകുടോദാഹ രണമാണ്.

ഭൂമി സൂര്യനു ചുറ്റും ഭ്രമണം ചെയ്യുന്നുവെന്നും; ഭൂമി പ്രപഞ്ച ത്തിന്റെ കേന്ദ്രസ്ഥാനമല്ല എന്നും ഗലീലിയോ പറഞ്ഞത് അന്നു ജനങ്ങൾ പൊതുവായി വിശ്വസിച്ചിരുന്നതിനു കടകവിരുദ്ധമായി രുന്നു. അക്കാലത്തെ വിജ്ഞാനകേന്ദ്രമായിരുന്ന കത്തോലിക്കാ സഭയ്ക്ക് ഗലീലിയോയുടെ ആശയങ്ങൾ മനസ്സിലാക്കുന്നതിനോ സങ്കല്പിക്കുന്നതിനോ പോലും കഴിഞ്ഞില്ല. (യൂറോപ്യൻ സംസ്കാ രത്തിനും മാനവരാശിക്കും കത്തോലിക്കാ സഭ നല്കിയിട്ടുള്ള സംഭാവനകളോട് ഈ എഴുത്തുകാരനു ബഹുമാനമുണ്ട്.) സനാത നമായ സത്യം പറഞ്ഞതിനു ഗലീലിയോയെ വിസ്തരിച്ച് ശിഷ്ട കാലം വീട്ടുതടങ്കലിലാക്കി. സഭ ഗലീലിയോയോടു ചെയ്തത് തെറ്റായിരുന്നുവെന്ന് 350 സംവത്സരങ്ങൾക്കുശേഷം കത്തോലിക്കാ സഭയുടെ അധിപനായ പോപ്പ് ഔദ്യോഗികമായി സമ്മതിച്ചതായി ചില വർഷങ്ങൾക്കു മുമ്പ് ഹൂസ്റ്റൺ ക്രോണിക്കൾ എന്ന ദിനപത്രം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

"ബന്ധങ്ങളെ മനസ്സിലാക്കുന്നതിനുള്ള കഴിവാണ് ബുദ്ധിശക്തി" എന്നു പരക്കെ നിർവചിച്ചിരിക്കുന്നു എന്നു പറയുമ്പോൾ, അത് വ്യത്യസ്ത തലങ്ങളിലായിരിക്കും എന്നു നാം ഓർക്കണം. ഉദാഹ

രണമായി 4+4=8; 4-4=0 എന്നു തിരിച്ചറിയുന്നത് നാല് എന്ന സംഖ്യയുടെ തലത്തിൽ നിങ്ങൾക്കു ബുദ്ധിയുള്ളതുകൊണ്ടാണ്. ആരുടെയെങ്കിലും മൂക്കിന് ഇടിക്കുന്നത് നിങ്ങൾക്ക് ഉപദ്രവം ക്ഷണിച്ചുവരുത്തും എന്നു നിങ്ങൾക്കു ബോധം ഉണ്ട് എങ്കിൽ അതായത്, നിങ്ങളുടെ പ്രവൃത്തിയുടെയും അതിന്റെ അനന്തരഫലത്തിന്റെയും ബന്ധം നിങ്ങൾ ഗ്രഹിക്കുന്നുവെങ്കിൽ ആ തലത്തിൽ നിങ്ങൾ ബുദ്ധിയുള്ളവരാണ്. നിങ്ങൾ കഠിനാധ്വാനം ചെയ്യുകയും സ്കൂളിൽ നന്നായി പഠിക്കുകയും ചെയ്യുന്നുവെങ്കിൽ ഭാവിയിൽ നിങ്ങൾക്കു നന്നായി ജീവിക്കാൻ കഴിയുമെന്നത് നിങ്ങൾ ഗ്രഹിക്കുന്നു എങ്കിൽ, ആ തലത്തിൽ നിങ്ങൾ ബുദ്ധിയുള്ളവരായി പരിഗണിക്കപ്പെടും.

ഈ ആശയം വ്യക്തമാക്കുന്നതിന് ഒരു ദൃഷ്ടാന്തം ശ്രദ്ധയിൽ കൊണ്ടുവരട്ടെ. വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന 'ബുദ്ധിമാനും ധനികനുമായ രാജേന്ദ്രൻ' എന്ന വ്യക്തിയുടെ കഥയാണിത്—ആരെയും കോൾമയിർകൊള്ളിക്കുന്ന, കണ്ണുകളെ ഈറനണിയിക്കുന്ന കഥ.

നാലു വയസ്സുള്ള ഒരു ആൺകുട്ടിയെ തന്റെ പക്കൽ ഏല്പിച്ചിട്ടു രാജേന്ദ്രന്റെ ഭാര്യ ഇഹലോകവാസം വെടിഞ്ഞു. മറ്റ് അടുത്ത ബന്ധുക്കളാരും ഇല്ലാതിരുന്ന രാജേന്ദ്രൻ തന്റെ സമൂഹത്തിൽ വളരെ ആദരണീയനും പരോപകാരിയുമായിരുന്നു. താൻ പെട്ടെന്നു മരിച്ചുപോയാൽ തന്റെ മകന്റെയും വിശാലമായ എസ്റ്റേറ്റിന്റെയും സംരക്ഷണത്തിന് ആരുമില്ലല്ലോ എന്ന ചിന്ത അദ്ദേഹത്തെ അസ്വസ്തനാക്കി. തന്റെ മകനെ സംരക്ഷിക്കുന്നതിനോ അവനെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനോ ആരുമില്ല. അവന്റെ 21-ാം വയസ്സിൽ തന്റെ സമ്പത്ത് അവനു നല്കുന്നതിനും ആരുമുണ്ടാകയില്ല. ഈ ചിന്ത നിമിത്തം രാജേന്ദ്രന് ഉറക്കം നഷ്ടപ്പെട്ടു. തനിക്ക് ആകസ്മിക മരണം സംഭവിച്ചാൽ മകന്റെ ഭാവി എന്താകുമെന്ന ചിന്താകുലത്തിൽ അവൻ രാപകൽ ചെലവഴിക്കവെ അയാളിൽ വിസ്മയകരമായ ഒരാശയം ഉദിച്ചു.

ആ ഗ്രാമത്തിൽ അറിയപ്പെടുന്ന പലിശക്കാരനായ ഒരു ലുബ്ധനെ പെട്ടെന്ന് ഓർത്തു. ആവശ്യക്കാരിൽനിന്ന് അമിതപലിശ ഈടാക്കി ക്രമേണ അവരുടെ വസ്തുവകകൾ കൈവശമാക്കിയിരുന്ന ധനികനായൊരു വ്യാപാരിയായിരുന്നു അയാൾ. ഗ്രാമത്തിൽ ആരും അയാളെ ഇഷ്ടപ്പെട്ടിരുന്നില്ല. രാജേന്ദ്രൻ തന്റെ പ്രശ്നം അയാളോടു വിവരിച്ചു പറഞ്ഞു. തനിക്ക് അയാളിൽ വിശ്വാസമുണ്ടെന്നും, തന്റെ മരണശേഷം മകനെ സംരക്ഷിച്ചുകൊള്ളണമെന്നും ആവശ്യ

പ്പെട്ടു. തന്റെ മകനു 21 വയസ്സാകുമ്പോൾ വ്യാപാരിക്ക് ഇഷ്ടമുള്ള ത് അവനു നല്കുവാൻ പറഞ്ഞു. ലുബ്ധനു ഭയങ്കരസന്തോഷമായി ഏങ്കിലും അയാളതു പുറത്തുപ്രകടിപ്പിച്ചില്ല. സകല സമ്പത്തും തന്റേതാകുന്ന ഒരു ദിവസം അയാൾ സ്വപ്നം കണ്ടു. ഈ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒരു നിയമരേഖ തയ്യാറാക്കി.

അധികം താമസിയാതെ രാജേന്ദ്രൻ മരിക്കുകയും തന്റെ മകനും എസ്റ്റേറ്റും വ്യാപാരിയുടെ സംരക്ഷണവലയത്തിലാകുകയും ചെയ്തു. മകൻ വളർന്നു. അവൻ സാമാന്യം വിദ്യാഭ്യാസം നേടി. ഗ്രാമത്തിൽ പരന്നിരുന്ന കഥകളിലൂടെ തന്റെ രക്ഷാകർത്താവ് കൈവശം വെച്ചിരിക്കുന്ന വിശാലമായ എസ്റ്റേറ്റ് വാസ്തവത്തിൽ തന്റെ പിതാവിന്റേതാണെന്നു മനസ്സിലായി.

ആ യുവാവിനു 21 വയസ്സായപ്പോൾ, ലുബ്ധൻ സ്വത്ത് രണ്ടുപേർക്കുമായി വീതിച്ചു. ലുബ്ധൻ സമ്പത്തിന്റെ 90 ശതമാനവും ബാക്കിയുള്ള 10 ശതമാനം യുവാവിനും കൊടുത്തു. ഇതു ന്യായമല്ല, തനിക്ക് ആകെ സ്വത്തിന്റെ 50 ശതമാനമെങ്കിലും ലഭിക്കേണ്ടതാണ് എന്നു യുവാവ് ചിന്തിക്കകൊണ്ട് വളരെ മന:പ്രയാസത്തോടുകൂടെ അവൻ ഗ്രാമം വിട്ടുപോയി.



അവൻ സഹായത്തിനായി നിരവധി നിയമജ്ഞരെ സമീപിച്ചു. എന്നാൽ അവരെല്ലാവരും നിയമരേഖകൾ പരിശോധിച്ചശേഷം കൈമലർത്തി. വ്യാപാരിക്ക് ഇഷ്ടമുള്ളത് യുവാവിനു നല്കിയാൽ മതി എന്നാണ് ആ രേഖകളിൽ എഴുതിയിരുന്നത്.

നിരാശനായ യുവാവ് ഒടുവിൽ സമർഥനായ ഒരു വക്കീലിനെ സമീപിച്ചു. അയാൾ രേഖകൾ സൂക്ഷ്മമായി പരിശോധിച്ചു. ഈ ലോകത്തിൽ ഒരു പിതാവ് തന്റെ മകനോട് ഇങ്ങനെ ചെയ്തത് എന്തെന്ന് അയാൾ അത്ഭുതപ്പെട്ടു. പെട്ടെന്ന് രേഖകളിൽ രാജേന്ദ്രൻ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥയുടെ യഥാർഥആശയം വക്കീലിനു പിടികിട്ടുകയും കേസിൽ വാദം നടത്താൻ തീരുമാനിക്കുകയും ചെയ്തു.

കോടതിയിൽ കേസിന്റെ വാദം കേൾക്കുന്നതിനു വമ്പിച്ച ജനാ

വലി എത്തിയിരുന്നു. “ലുബ്ധന് ഇഷ്ടമുള്ളത്” എന്നു രാജേന്ദ്രൻ പറഞ്ഞപ്പോൾ ലുബ്ധൻ തനിക്കായി വെച്ചിട്ടുള്ള 90 ശതമാനം സ്വത്താണ് വാസ്തവത്തിൽ ഉദ്ദേശിച്ചത്, കാരണം അയാൾക്ക് അതാണല്ലോ ഇഷ്ടം. അതിനാൽ ആ ഭാഗം വാസ്തവത്തിൽ മകന് അവകാശപ്പെട്ടതാണ്. സ്വത്തിന്റെ 10 ശതമാനം അയാൾ ഇഷ്ടപ്പെട്ടതല്ല, അതാണ് അയാൾ മകനു കൊടുത്തത്. ലുബ്ധന് 10 ശതമാനത്തിനു മാത്രമേ അവകാശമുള്ളൂ. ന്യായാധിപൻ ഈ വാദത്തോടു പൂർണമായും യോജിച്ചു. കേസ് ഈ വിധത്തിൽ മാറിമറിഞ്ഞതിൽ കോടതി മുഴുവൻ സന്തോഷിച്ചു. മരിച്ചുപോയ രാജേന്ദ്രന്റെ ബുദ്ധിവൈഭവത്തെ എല്ലാവരും ശ്ലാഘിച്ചു.

രാജേന്ദ്രൻ തന്റെ പ്രവൃത്തിക്കും അതിന്റെ ഫലത്തിനും തമ്മിലുള്ള ബന്ധം മനസ്സിലാക്കിയിരുന്നു. ഭാവിയിൽ അനേക വർഷങ്ങൾക്കപ്പുറം മുമ്പുകൂട്ടി കാണുന്നതിന് തനിക്കു കഴിഞ്ഞു. നമ്മുടെ വാക്കുകളുടെയും പ്രവൃത്തികളുടെയും വിശ്വാസങ്ങളുടെയും ഫലം മുൻകൂട്ടി കാണുവാനുള്ള കഴിവാണ് ബുദ്ധിശക്തി എന്നത്.

കർഷകരായിരുന്ന രണ്ടു സഹോദരന്മാരുടെ കഥ നിങ്ങൾ കേട്ടിട്ടുണ്ടോ? ഒരാൾ തക്കാളി കൃഷി ചെയ്യുന്നതിനു തീരുമാനിച്ചു. അതിവേഗം അതു ഫലം നല്കി. വീട്ടിൽ ആഘോഷമായി, പാർട്ടിയായി. അപരനാകട്ടെ തെങ്ങു കൃഷിചെയ്യുന്നതിനാണു തീരുമാനിച്ചത്. അയാൾ ക്ക് പ്രാരംഭ ബുദ്ധിമുട്ടുകൾ പലതുണ്ടായിരുന്നു; തെങ്ങ് ഫലം നല്കുന്നതിനു കുറെ കാലം എടുക്കുമല്ലോ. തെങ്ങു കായ്ച്ചു തുടങ്ങിയപ്പോൾ തലമുറകളോളം അത് ഫലം നല്കികൊണ്ടിരുന്നു. അവൻ ഉറങ്ങുമ്പോഴും, സമയത്തും അസമയത്തും തെങ്ങു വളർന്നുകൊണ്ടിരുന്നു, ഫലം നല്കിക്കൊണ്ടുമിരുന്നു. അവന്റെ സഹോദരൻ പച്ചക്കറികൃഷിയിൽ കഠിനാധ്വാനം ചെയ്തുകൊണ്ടിരുന്നു. അതിൽനിന്ന് ആശ്രയിക്കാവുന്ന വരുമാനം പ്രതീക്ഷിക്കാനാവില്ലല്ലോ. അവന് അശേഷം സൈ്വര്യതയുണ്ടായില്ല.

നാം ബുദ്ധിയുള്ളവരാണെങ്കിലും ചിലപ്പോഴെക്കെ ഭോഷത്തമായ ചില തെറ്റുകൾ വരുത്താറുണ്ട്. മുൻകൂട്ടി കാണുന്നതിനുള്ള കഴിവാണ് ബുദ്ധി എങ്കിൽ, എത്രത്തോളം ദീർഘമായി ഭാവിയെ നമുക്കു മുൻകൂട്ടി കാണാൻ കഴിയും? നാളെയെ മുൻകൂട്ടി കാണാനാകുമോ? ഒരുവർഷം, അഞ്ചുവർഷം, പത്തുവർഷം, അൻപതു വർഷം, നൂറു വർഷം, പത്തുതലമുറകൾ, അതല്ലെങ്കിൽ ഇന്നുമുതൽ നിത്യതവരെ, അനന്തമായ ഭാവിയെ മുൻകൂട്ടി കാണാൻ കഴിയുമോ?

ഇന്നു നിങ്ങൾ മരിച്ചാൽ എന്തു സംഭവിക്കും? ഈ ജീവിതം തന്നെയാണോ അതിന്റെ അന്ത്യം? നിങ്ങൾ എങ്ങനെ വിശ്വസിച്ചാലും സത്യം ഒന്നുമാത്രമേയുള്ളൂ. ഈ മർത്യജീവിതത്തിന് അപ്പുറം കാണുവാൻ നിങ്ങൾക്കു കഴിയുമെങ്കിൽ നിങ്ങൾ ഭൂരിപക്ഷത്തെക്കാൾ ബുദ്ധിയുള്ളവനാണ്. ഈ മർമങ്ങൾ ബുദ്ധിമാന്മാരെന്നും ജ്ഞാനികൾ എന്നു പറയുന്നവർക്കും മറക്കയ്പ്പെട്ടിരിക്കുന്നു. അത് ബുദ്ധിയിൽ ശിശുക്കൾക്കും കുഞ്ഞുങ്ങൾക്കും വെളിപ്പെടുത്തിയിരിക്കുന്നു. സർവശക്തനായ ദൈവത്തിന്റെ വഴികൾ അന്വേഷിക്കുവാൻ നിങ്ങൾ സമയമെടുക്കുമെങ്കിൽ അവിടന്ന് ആ സത്യം നിങ്ങൾക്കു വെളിപ്പെടുത്തിത്തരും.

ദൈവത്തെക്കുറിച്ചു നമുക്കുള്ള അറിവ് ദൈവം നമുക്കു വെളിപ്പെടുത്തി തരുന്നതിൽ പരിമിതപ്പെട്ടിരിക്കുന്നു. താഴ്മയുടെയും വിനയത്തിന്റെയും ആത്മാവിൽ ദൈവത്തെ ആത്മാർഥതയോടെ അന്വേഷിക്കുന്നവർക്കു മാത്രമാണ് ഈ വെളിപ്പാടു ലഭിക്കുന്നത്. താഴ്മയുടെ ആത്മാവിൽ, യാതൊരു മുൻവിധിയുമില്ലാതെ, ഈ പരമോന്നത ഊർജത്തിന്റെ ഉറവിടമായ പരാശക്തിയെ അന്വേഷിക്കുവാൻ നിങ്ങൾക്കു മനസ്സുണ്ടോ? നിങ്ങൾ ഉൾക്കണ്ണുകൾ തുറന്നു നോക്കുമെങ്കിൽ, അവിടത്തെ മഹത്വത്തിന്റെ വെളിപ്പാട് എവിടെയും എല്ലായിടത്തും നിങ്ങൾക്കു ദർശിക്കുവാൻ കഴിയും. സർവം വിളങ്ങുന്ന ഈ മഹത്വപ്രഭാവം ദർശിക്കുന്നതിനു ജഗദീശൻ നിങ്ങളുടെ ആന്തരികനേത്രങ്ങളെ പ്രകാശിപ്പിക്കട്ടെ.

